പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*297 19-06-2019-ലെ മറുപടിയ്ക്ക്

## കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.പി.ടി. തോമസ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷികമേഖല അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന കാർഷിക വിളകളുടെ ഉല്പാദനക്കുറവ്, കർഷക തൊഴിലാളി ക്ഷാമം, കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയ പ്രതിസന്ധി പരിഹരിക്കുന്നതിനും കർഷകർക്ക് ആശ്വാസമേകുന്നതിനുമായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.<br>കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷിവ്യാപനം, ജൈവകൃഷി, കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം, യന്ത്രവത്ക്കരണം, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ്, കർഷകക്ഷേമം എന്നിവ ലക്ഷ്യം വച്ച് വിവിധ സംസ്ഥാന/ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, സുഗന്ധവ്യഞ്ജന വികസന പദ്ധതി, ഹൈ-ടെക് അഗ്രിക്കൾച്ചർ, മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉൽപാദനക്ഷമത ഉയർത്തലും, വിള ആരോഗ്യ പരിപാലനം, ജൈവകൃഷിയും ഉത്തമ കൃഷിമുറകളും, ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ ഉൽപാദനവും വിതരണവും, കാർഷിക വിപണനവും വിപണി വികസനവും, മൂല്യവർദ്ധനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും, വയനാട് പാക്കേജ് പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾ, കിഴങ്- |

| | | | | |
|---|---|---|---|---|
| | | | | പയർവർഗ്ഗങ്ങളുടെ വികസനം, പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം, നാടൻവിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും എന്നിവയാണ് പ്രധാന പദ്ധതികൾ. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കാർഷിക വിളകളുടെ ഉൽപാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.<br>കേന്ദ്ര സർക്കാർ നടപ്പാക്കിയ ആസിയാൻ കരാർ, മറ്റ് ആഗോള വ്യാപാര കരാറുകൾ എന്നിവ മൂലമുള്ള കേരളത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, ഏലം, കുരുമുളക്, നാളികേരം (കൊപ്ര) മുതലായവയുടെ വിലയിടിവ് ആഭ്യന്തര ഉല്പാദനത്തെ ബാധിക്കുകയും തദ്വാര കാർഷിക മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തി വരുന്നു.<br>2018-ൽ ഉണ്ടായ പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തി വരുന്നത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി .<br>വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ട് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കു-മായി 2018-19 – ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിക്കുകയും പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. പ്രളയാനന്തരം കേരളത്തിലെ കാർഷികമേഖല പുനരുജ്ജീവനത്തിന്റെ |

| | | | |
|---|---|---|---|
| | | | പാതയിൽ വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്.<br><br>2018-ലെ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള ധനസഹായത്തിനുപരിയായി കൃഷി വകുപ്പിന്റെ ശീർഷകത്തിൽ നിന്നുള്ള പ്രത്യേക സഹായം കമുക്, കൊക്കോ, കാപ്പി, കുരുമുളക്, ജാതി, ഗ്രാമ്പു എന്നീ വിളകൾക്ക് ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. ഏലത്തിന് നൽകുന്ന നഷ്ട പരിഹാരം ഹെക്ടർ ഒന്നിന് 18,000/- രൂപയിൽനിന്ന് 25,000/- രൂപയായി വർദ്ധിപ്പിച്ചു.<br><br>വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യ തുകയിൽ 20 വർഷത്തിനുശേഷം 2 മുതൽ 13 ഇരട്ടി വരെ വർദ്ധന നടപ്പിലാക്കി. പട്ടയം ലഭിക്കാത്ത അസംരക്ഷിത വനമേഖലയിലെ കൃഷിക്ക് കൂടി വിള ഇൻഷ്വറൻസ് പദ്ധതി ബാധകമാക്കി. മുമ്പ് ഉണ്ടായിരുന്ന വിളകൾക്ക് പുറമെ ചെറുധാന്യങ്ങൾ, മാവ് എന്നിവയെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി. |
| **(ബി)** | പ്രളയത്തിന്റെ കെടുതികൾ അനുഭവിക്കുന്ന കർഷകർക്കെതിരെ സർഫാസി നിയമത്തിന്റെ പേരിൽ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ ജപ്തി നടപടികളുമായി മുന്നോട്ട് പോകുന്നത് അവരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് അറിയിക്കുമോ; | **(ബി)** | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 15 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവരിൽ പല കർഷകർക്കും കാർഷികേതര വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ വന്നതുമൂലം ജപ്തി നോട്ടീസ് ലഭിച്ചിരുന്നുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രളയത്തിൽ കാർഷികവിളകൾ പൂർണ്ണമായും നശിക്കുകയും കൃഷിഭൂമി കൃഷിക്ക് ഉപയുക്തമല്ലാതാകുകയും ചെയ്ത വയനാട്ടിലെയും ഇടുക്കിയിലെയും കർഷകർക്ക് പ്രത്യേക പാക്കേജ് കൊണ്ടുവരുന്നകാര്യം പരിഗണിക്കുമോ? | (സി) | നിലവിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വയനാട് പാക്കേജ് പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം 1700.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്.<br>2019-20 സാമ്പത്തിക വർഷം സുഗന്ധ വ്യഞ്ജന വിള വികസന പദ്ധതിയിൽ ഇടുക്കി ജില്ലയ്ക്കായി പ്രത്യേകം 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ